കൊണ്ടുമാണ് ചില ക്ലെയിമുകളിൽ കാലതാമസം നേരിടുന്നത്. നിയമപ്രകാരമുള്ള രേഖകൾ കൃത്യമായി സമർപ്പിക്കുന്നവർക്ക് ഒരുമാസത്തിനുള്ളിൽത്തന്നെ സമ്മാനവിതരണം നടത്തുന്നുണ്ട്.

(ഇ) സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ ഫയൽചെയ്ത ഒരു കേസ് മാത്രമേ നിലവിലുള്ളൂ.

മുദ്രപത്ര വിൽപ്പന രീതികളിൽ മാറ്റങ്ങളും ഇ-സ്റ്റാമ്പിംഗും നടപ്പാക്കാൻ നടപടി

211 (186) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിലുള്ള മുദ്രപത്ര വില്പന രീതികളിൽ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശമുണ്ടോ; ഇ-സ്റ്റാമ്പിംഗ് എന്നുമുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്;

(ബി) സ്റ്റാമ്പ് വെണ്ടർമാരിൽ ഏത് പ്രായത്തിലുള്ളവർ മരണമടഞ്ഞാലും ആശ്രിതർക്ക് വെണ്ടർലൈസൻസ് നല്കിവന്നിരുന്ന നടപടി 2002 ലെ ജി.ഒ(പി) 156 പ്രകാരം എടുത്തുകളഞ്ഞത് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) കേരളത്തിൽ എല്ലാ ജില്ലകളിലും എഗ്രിമെന്റുകൾക്ക് ആവശ്യമായ 100 രൂപയുടെ മുദ്രപത്രം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള മുദ്രപത്ര സംവിധാനത്തോടൊപ്പം ഇ-സ്റ്റാമ്പിംഗ് സംവിധാനം കൂടി ഉപയോഗിക്കാനുതകുംവിധം കേരള മുദ്രപത്ര നിയമത്തിൽ ഓർഡിനൻസിലൂടെ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ഇ-സ്റ്റാമ്പിംഗ് പദ്ധതി എന്നുമുതൽക്ക് നടപ്പിൽ വരുത്തണമെന്ന് ഇതുവരെയും തീരുമാനിച്ചിട്ടില്ല.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

GPM. 2/237/2020-92

LIBRARY ARCHIVES Kerala Legislative Assembly

(സി) 100 രൂപ വിലയുള്ള മുദ്രപ്പത്രങ്ങളുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിരുന്നു. ക്ഷാമം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ടി മൂല്യമുള്ള മുദ്രപ്പത്രങ്ങൾ ആവശ്യത്തിന് സ്റ്റോക്കുണ്ടായിരുന്ന ട്രഷറികളിൽനിന്നും ദൗർലഭ്യം അനുഭവപ്പെട്ട ട്രഷറികളിലേയ്ക്ക് ലഭ്യമാക്കി ബദൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. ടി മുദ്രപ്പത്രത്തിന്റെ ദൗർലഭ്യം ട്രഷറി വകുപ്പ് ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, ആയത് നാസിക് സെക്യൂരിറ്റി പ്രസ്സിൽനിന്നും അടിയന്തരമായി എത്തിക്കുന്നതിനുള്ള നടപടികൾ ലാന്റ് റവന്യൂ കമ്മീഷണർ സ്വീകരിച്ചിട്ടുണ്ട്.

നിയമ ഉപദേശത്തിനായി ചെലവഴിച്ച തുക

212 (187) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് വക്കീൽ ഫീസ് ഇനത്തിലും നിയമോപദേശത്തിനുമായി എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് വക്കീൽ ഫീസിനത്തിലും നിയമോപദേശത്തിനുമായി നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ചട്ടങ്ങളുടെ രൂപീകരണം

213 (188) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്ക് ചട്ടം രൂപീകരിച്ചിട്ടില്ലാത്തവ ഏതെല്ലാം; വിശദമാക്കാമോ;

(ബി) ചട്ടങ്ങൾ കാലോചിതമാക്കുന്നതിനും ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് പൊതുജനാഭിപ്രായം സ്വീകരിക്കുന്നതിനും നിലവിൽ സംവിധാനം ഉണ്ടോ;

(സി) സർക്കാർ രൂപം നല്കുന്ന ചട്ടങ്ങൾ കുറ്റമറ്റ നിലയിലാണെന്നുറപ്പ് വരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly